# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 12)1209/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 12)1209/23 തീയ്യതി: 13/10/2023

## എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 18-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 18-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി കവിതാ ദേവി വി., ഓഡിറ്റ് ഓഫിസർ(ഹ.ഗ്രേ.)
ശ്രീ സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി നിജു.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശാന്തിനി ഗോപകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ജയലക്ഷ്മി എ. | സെക്രട്ടറി | 01-04-2022 | 25-10-2022 |
| പ്രേമലത എം.എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 15-11-2022 |
| ജയലക്ഷ്മി എ. | സെക്രട്ടറി | 16-11-2022 | 18-01-2023 |
| പ്രേമലത എം.എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-01-2023 | 13-02-2023 |
| ശ്രീ രാജേഷ്.വി.എസ് | സെക്രട്ടറി | 14-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രേമലത എം.എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി നീതു എൻ. എസ്. | കൃഷി ഓഫീസർ | 01-04-2022 | 08-05-2022 |
| ശ്രീമതി ജയ മരിയ ജോസഫ് | കൃഷി ഓഫീസർ | 09-05-2022 | 31-03-2023 |
| ഡോ. ബീന എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 27-02-2023 |
| ഡോ.നസിയ റഹ്മാൻ | വെറ്ററിനറി സർജൻ | 28-02-2023 | 31-03-2023 |
| ശ്രീമതി സീന അഗസ്റ്റിൻ പി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 28-12-2022 |
| ശ്രീമതി ചിപ്പി ഖാദർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 29-12-2022 | 31-03-2023 |
| ഡോ. തോമസ് ജിബിൻ എ. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 28-06-2022 |
| ഡോ .സുധ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 29-06-2022 | 31-03-2023 |
| ശ്രീമതി സമീറ എം.എം. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| അമ്മിണിക്കുട്ടി കെ.വി. | വി.ഇ.ഓ., ചിറ്റാറ്റുകര സർക്കിൾ | 01-04-2022 | 01-09-2022 |
| ശ്രീമതി റിനി. സി.എം | വി.ഇ.ഓ., ചിറ്റാറ്റുകര സർക്കിൾ | 02-09-2022 | 28-09-2022 |
| ശ്രീമതി രജനി പ്രിയ | വി.ഇ.ഓ., ചിറ്റാറ്റുകര സർക്കിൾ | 29-09-2022 | 31-03-2023 |
| ശ്രീമതി റിനി. സി.എം | വി.ഇ.ഓ., പല്ലംതുരുത്ത് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി അഖില വി നാഥ് | ഐ.സി.ഡി.എസ് | 01-04-2022 | 24-01-2023 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി റസിയ കെ.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-01-2023 | 31-03-2023 |
| ശ്രീമതി സുധ | ഹെഡ്മിസ്ട്രസ്സ് -ഇൻ -ചാർജ്ജ് | 01-04-2022 | 24-07-2022 |
| ശ്രീമതി സുഗന്ദ പി.ഡി | ഹെഡ്മിസ്ട്രസ്സ് | 25-07-2022 | 31-03-2023 |
| ഡോ. സിയമോൾ വി.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. ധന്യ പ്രസാദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 16-04-2022 |
| ഡോ.അഫ്സൽ എ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുള്ളതും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ ഹെഡുകളിലായി അക്കൗണ്ട് ചെയ്തിട്ടുള്ളതും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | ജേർണൽ എൻട്രികൾ | 1-1-6 |
| 8 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 15 | ക്ഷേമ പദ്ധതികൾ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ഓഡിറ്റ് ഇംപാക്റ്റ് | 1-11-1 |
| 19 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ₹6,000/- പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കി. | 1-11-2 |
| 20 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം | 1-12 |
| 21 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 22 | വസ്തുനികുതി -അപാകതകൾ | 1-14 |
| 23 | സ്ഥിരനിക്ഷേപം നടത്തുന്നില്ല. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും പലിശ നഷ്ടം സംഭവിക്കുന്നു. | 1-15 |
| 24 | തനതുവരുമാന വർദ്ധനവ് - സ്വീകരിക്കേണ്ട നടപടികൾ | 1-16 |
| 25 | സമഗ്ര ശിക്ഷാ കേരളം-തുക കൈപ്പറ്റിയ വിവരം നാളിതു വരെ ലഭ്യമാക്കിയിട്ടില്ല | 1-17 |

| | | |
|---|---|---|
| 26 | ഗവ.എൽ.പി. സ്കൂൾ ചിറ്റാറ്റുകര ഹെഡ്മിസ്ട്രസ്സിന്റെ പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമല്ല | 1-18 |
| 27 | ചിറ്റാറ്റുകര പി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസറുടെ ഹെൽത്ത് ഗ്രാന്റ് പദ്ധതികളിലെ അപാകങ്ങൾ | 1-19 |
| 28 | പി.എച്ച്.സി.യുടെ മുകളിൽ സ്ഥാപിച്ച സോളാർ പാനൽ നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-20 |
| 29 | മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ പദ്ധതികൾ- ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 30 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 31 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-23 |
| 32 | വൗച്ചർ പരിശോധനയിലെ അപാകതകൾ | 1-24 |
| 33 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനാവലോകനം | 1-25 |
| 34 | ശുചിമുറി നിർമ്മാണം - രേഖകൾ ഹാജരാക്കേണ്ടതാണ് | 1-26 |
| 35 | വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് | 1-27 |
| 36 | സമഗ്രമാലിന്യനിർമ്മാർജ്ജനം - രേഖകൾ ഹാജരാക്കേണ്ടതാണ് | 1-28 |
| 37 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം | 1-29 |
| 38 | സമഗ്ര ശിക്ഷാ കേരളം-പ്രതീക്ഷിത വിനിയോഗ പത്രികയിനങ്ങളിലെ ചെലവ് പരിശോധിക്കപ്പെടേണ്ടതാണ് | 1-30 |
| 39 | ദുരിതാശ്വാസനിധി | 1-31 |
| 40 | പഞ്ചായത്ത് ഓഫിസ് നിർമ്മാണം-പദ്ധതി പാതിവഴിയിൽ | 1-32 |
| 41 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ പൊതു - അപാകതകൾ | 1-33 |
| 42 | ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിലെ പോരായ്മകൾ | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - അധിക തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.6.2023 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 13.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൌണ്ടിംങ്ങ് ചട്ടങ്ങൾ പ്രകാരം വാർഷിക പത്രികയിൽ ഉൾപ്പെടുത്തേണ്ടതായ പത്രികകളായ റേഷ്യോസ്, കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തെ ആസ്തി ബാദ്ധ്യത കണക്കിൽ ബി.15 ഷെഡ്യൂളിൽ ഇ-ടെണ്ടർ ഫീസ് കിട്ടാനുള്ളതായി തുക രേഖപ്പെടുത്തിയിട്ടില്ല. എൽ.എസ്.ജി.ഡി.സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായിട്ടുള്ള അക്കൌണ്ടിൽ നിന്നും തുക പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വച്ചിട്ടില്ല.

### 1-1-4 ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുള്ളതും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ ഹെഡുകളിലായി അക്കൗണ്ട് ചെയ്തിട്ടുള്ളതും പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുള്ളതും അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ഹെഡുകളിലായി അക്കൗണ്ട് ചെയ്തിട്ടുള്ളതും പൊരുത്തപ്പെടുന്നില്ല. ഇതുമൂലം ഡിപ്രിസിയേഷന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല. പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഒരു ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-5 രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ലോൺ രജിസ്റ്റർ (KURDFC) കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-1-6 ജേർണൽ എൻട്രികൾ

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം, അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത് .

### 1-1-7 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 21.03.2022 ലെ 3(1-ാം) നമ്പർ തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് നടപ്പ് വർഷം യഥാർത്ഥത്തിലുള്ള വരവ് ചെലവുമായി വലിയ അന്തരം കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് |
|---|---:|---:|
| മുന്നിരിപ്പ് | 2,11,29,919 | 3,18,39,998 |
| വരവ് | 27,02,36,750 | 4,88,00,878 |
| ആകെ | 29,13,66,669 | 8,06,40,876 |
| ചെലവ് | 28,83,59,024 | 4,17,24,072 |
| നീക്കിയിരിപ്പ് | 30,07,645 | 3,89,16,804 |

ബജറ്റ് യാഥാർത്ഥ്യാധിഷ്ഠിതമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,18,39,998 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,88,00,878 |
| ആകെ | 8,06,40,876 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,17,24,072 |
| നീക്കിയിരിപ്പ് | 3,89,16,804 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,68,07,000 | 2,68,07,000 | 2,27,17,458 | 0 | 40,89,542 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 63,52,000 | 63,52,000 | 58,04,475 | 0 | 5,47,525 |
| വികസനഫണ്ട്(ടി.എസ്.പി.) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 50,19,000 | 50,19,000 | 36,17,847 | 0 | 14,01,153 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 60,88,000 | 60,88,000 | 38,44,875 | 0 | 22,43,125 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic) | 6,31,005 | 33,09,627 | 39,40,632 | 8,32,415 | 31,08,217 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 31,81,395 | 47,11,000 | 78,92,395 | 3,43,286 | 44,59,528 | 0 |
| ശുചിത്വമിഷൻ ഫണ്ട് 320200322 | 4,325 | 0 | 4,325 | 0 | 4,325 | 0 |
| ടോട്ടൽ സാനിറ്റേഷൻ 320100181 | 44,99,757 | 1,29,025 | 46,28,782 | 19,04,043 | 27,24,739 | 0 |
| ICDS – 32100196 | 8,92,831 | 13,41,214 | 22,34,045 | 2,85,376 | 19,48,669 | 0 |
| PYCA – 320100126 | 8,700 | 0 | 8,700 | 0 | 8,700 | |
| ഹെൽത്ത് ഗ്രാന്റ് – 320100202 | 0 | 2,96,874 | 2,96,874 | 2,94,774 | 2,100 | |
| RSBY – 320400199 | 27,220 | 0 | 27,220 | 0 | 27,220 | |
| സാക്ഷരത – 320200309 | 5,564 | 157 | 5,721 | 0 | 5,721 | |
| ജനകീയ ഭവനം – 320300199 | 4,24,540 | 10,239 | 4,34,779 | 0 | 4,34,779 | |
| നിർമ്മൽ പുരസ്കാരം – 320900101 | 1,05,630 | 0 | 1,05,630 | 0 | 1,05,630 | |
| എം.എൽ.എ ഫണ്ട്-320200316 | 31,080 | - | 31,080 | - | 31,080 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീക രിച്ചത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 172 | 19,89,36,914 | 128 | 5,69,57,829 | 8 | 120 | 44 | 74.41% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9,405 | 12,28,487 | 12,37,892 | 12,28,550 | 9342 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,49,52,000 | 3,49,52,000 | 3,49,52,000 | 0 |
| ആകെ | 9,405 | 3,61,80,487 | 3,61,89,892 | 3,61,80,550 | 9,342 |

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2023, 3.15pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16799/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8,25,600 | 82 |
| വിധവാപെൻഷൻ | 1,39,79,000 | 1432 |
| വാർദ്ധക്യകാലപെൻഷൻ | 3,34,40,800 | 3629 |
| വികലാംഗപെൻഷൻ | 40,81,200 | 386 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 11,71,400 | 111 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 7,20,000 | 24 |

## 1-9 ആഭ്യന്തര നിയന്ത്രണം

1. വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പ്രോജക്ട് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

2. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ഡാറ്റാ ശേഖരിച്ച് കാലികമാക്കേണ്ടതാണ്.
3. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
4. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

5.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിച്ച് വെള്ളക്കരമിനത്തിലുള്ള ചെലവ് ക്രമീകരിക്കേണ്ടതുമാണ്. പൊതുടാപ്പുകളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്
7.നിർവ്വഹണ ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും ചെറിയ നോട്ടുബുക്കുകളിലായാണ് ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ , വിതരണ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നത്. പദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ മുൻപ് നൽകിയിട്ടുണ്ടോ എന്നുറപ്പ് വരുത്തുന്നതിന് തുടർച്ചയായുള്ള രജിസ്റ്ററുകളുടെ പരിപാലനം ആവശ്യമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജൻസി ചെലവുകൾക്കായി പദ്ധതി തയ്യാറാക്കുമ്പോൾ TR 7 A പ്രകാരമുള്ള കാഷ് ബുക്ക് , സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ എന്നിവ പദ്ധതിയിലൂടെ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.2022 | 01.05.2022മുതൽ 30.08.2022വരെ | 16.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.11.2017 | 2012-13 മുതൽ 2016-17വരെ | 16.07.2019 |

## 1-11-1 ഓഡിറ്റ് ഇംപാക്ട്

തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.05/14.07.2023) നൽകിയതിനെ തുടർന്ന് തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു

| പേര്/ സ്ഥാപനം | അടവാക്കിയ തൊഴിൽ നികുതി (ഒന്നാം അർദ്ധവർഷം) | രസീത് നം./തീയതി |
|---|---|---|
| പാലിയേറ്റീവ് കെയർ നഴ്സ് (മിനി സി.വി.), കുടുംബാരോഗ്യകേന്ദ്രം, ചിറ്റാറ്റുകര. | 1000 | 1231001372 /14.07.2023 |

### 1-11-2 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ₹6,000/- പഞ്ചാത്ത് അക്കൗണ്ടിൽ അടവാക്കി.

2020-21 സാമ്പത്തിക വർഷം ജോജി പി. ജോൺ, ക്ലർക്ക്-ന് അനുവദിച്ച ഓണം അഡ്വാൻസ് തുകയിൽ 6,000/-രൂപ അടവാക്കുന്നതിനു ബാക്കി ഉണ്ടായിരുന്നു. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 6,000/-രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.

### 1-12 ശുചിത്വവും ഹരിതാഭവുമായ ഗ്രാമം

ശുചിത്വവും ഹരിതാഭവുമായ ഗ്രാമം എന്ന ലക്ഷ്യത്തിലേക്ക് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിനെ എത്തിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ ഭരണസമിതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജന ബൈലോ പ്രസിദ്ധീകരിച്ച് അതിലെ വ്യവസ്ഥകൾ സംബന്ധിച്ച പ്രചാരണം നടത്തി. "വൃത്തിയുള്ള കേരളം - വലിച്ചെറിയൽ വിമുക്തകേരളം" ക്യാമ്പെയിനിന്റെ ഭാഗമായി മാലിന്യനിക്ഷേപം അധികമായി കണ്ടെത്തിയ കേന്ദ്രങ്ങൾ വൃത്തിയാക്കി. കുട്ടികളിൽ, മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് ബാലസഭ സംഘടിപ്പിച്ചു. 05-06-2023 പരിസ്ഥിതി ദിനത്തിൽ ഹരിതസഭ നടത്തുകയുണ്ടായി. പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് വിവിധ വാർഡുകളിൽ മിനി MCF കൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യം വീടുകളിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിനാണ് പഞ്ചായത്തിലെ ജനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളത്. ലൈഫ് ഭവനപദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് കംപോസ്റ്റ് പിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ശുചിത്വഗ്രാമം എന്ന ലക്ഷ്യം കൈവരിക്കാനുതകുന്ന വിവിധ പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ വാർഷികപദ്ധതികൾ പ്രകാരം നടപ്പിലാക്കപ്പെട്ടിട്ടുണ്ട്.

### 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(i),(ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. ഗ്രാമ പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്നവർ തൊഴിൽ ചെയ്തിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|---|---|
| 1. | ബിജു ഫ്രാൻസിസ് | 9. | അനീഷ് സി.എസ്. |
| 2. | സാലി പി.ജെ. | 10. | നിഷാദ് വി.ജെ. |
| 3. | മഹേഷ് കെ.എം. | 11. | പ്രിൻസ് എം.ജെ. |
| 4. | രാജേഷ് കെ.വി. | 12. | ജോബി സി.സി. |
| 5. | ഒ.പി. ബിജു | 13. | പാർത്ഥൻ കെ.എസ്. |
| 6. | ഇഗ്നേഷ്യസ് കെ.ജെ. | 14. | നസീർ പി.എം. |
| 7. | രാജേഷ് കെ.എം. | 15. | റോഷൻ സെബാസ്റ്റ്യൻ |
| 8. | ഫ്രാൻസിസ് കെ.ജി. | 16. | നൂർമിദ |

മേൽ പറഞ്ഞിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി നിയമാനുസൃതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി (നം.5തീ.14/07/23)ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നാണ് അറിയിച്ചത്. മുൻവർഷത്തെ റിപ്പോർട്ടിൽ ഈ അപാകത പരാമർശിച്ചിട്ടും, വീണ്ടും അതേ സ്ഥിതി തുടരുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

### 1-14 വസ്തുനികുതി -അപാകതകൾ

1. ഉപയോഗക്രമമനുസരിച്ചുള്ള നിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക്, സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമമനുസരിച്ചുള്ള 40രൂപ/ച.മീ നിരക്കാണ് വസ്തുനികുതിയായി ഈടാക്കിയിരിക്കുന്നത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ടി കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,

ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലാണ് ലൈസൻസ് നൽകിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നം./ ഉടമയുടെ പേര്/ലൈസൻസ് നം. | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|---|
| 1. | 3/149, അബ്ദുൾ കരിം, തലക്കാട്ട്. 2094/22-23 | 70.88 | 40 | 45 |
| 2. | 8/70, നിബാഷ ബിജു, മണ്ടായപ്പുറത്ത് 387/22-23 | 50 | 40 | 45 |

വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 45രൂപ/ച.മീറ്ററാണ് വസ്തുനികുതി നിരക്കായി ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന്റെ തനതുവരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. മേൽപ്പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ കൃത്യമായ ഉപയോഗക്രമം, തറവിസ്തീർണ്ണം എന്നിവ ഉറപ്പുവരുത്തി, ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.4/14.07.2023) നൽകിയ മറുപടി തൃപ്തികരമല്ല. മുൻവർഷത്തെ റിപ്പോർട്ടിൽ ഈ അപാകത പരാമർശിച്ചിട്ടും, വീണ്ടും അതേ സ്ഥിതി തുടരുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

2. ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കി.

ലുമിയ ഡെന്റൽ ഹോം എന്ന പേരിലുള്ള ഡെന്റൽ ക്ലിനിക്കിന്റെ (കെട്ടിട നം. 2/206)വസ്തുനികുതി ഈടാക്കിയിരിക്കുന്നത് “പാർപ്പിടം” എന്ന ഉപയോഗക്രമമനുസരിച്ചാണ്. കൃത്യമായ ഉപയോഗക്രമം ഉറപ്പുവരുത്തി, ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 സ്ഥിരനിക്ഷേപം നടത്തുന്നില്ല. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും പലിശ നഷ്ടം സംഭവിക്കുന്നു.

ധനകാര്യപത്രികയിൽ RP-40(b) പ്രകാരം ഡിസ്ട്രിക്ട് കോ.ഓപ്പറേറ്റിവ് ബാങ്കിൽ 81,38,433/-രൂപയും വടക്കേക്കര കോ-ഓപ്പറേറ്റിവ് ബാങ്കിൽ 1,34,60,103/-രൂപയും 31-03-2023ൽ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ കരുതൽ പണം നിലനിർത്തികൊണ്ട് ബാക്കി തുക സ്ഥിര നിക്ഷേപമാക്കി മാറ്റിയതായി കാണുന്നില്ല.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പഞ്ചായത്തിന് ആവശ്യമായ ചെലവ് കണക്കാക്കി തനത് ഫണ്ടിൽ ഒരു നിശ്ചിത തുക സൂക്ഷിക്കുകയും മിച്ചമായി കിടക്കുന്ന തുക വിവിധ സ്കീമിൽ സ്ഥിര നിക്ഷേപമാക്കി മാറ്റി വരുമാനം വർദ്ധിപ്പാക്കാവുന്നതാണ്. ഈ വിഷയം പഞ്ചായത്ത് കമ്മറ്റി വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-16 തനതുവരുമാന വർദ്ധനവ് - സ്വീകരിക്കേണ്ട നടപടികൾ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പുതിയ തനതുവരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയോ അവ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുതതായി കാണുന്നില്ല.

കാര്യക്ഷമമായ ബജറ്റ് നിയന്ത്രണ സംവിധാനമുള്ളതായി കാണുന്നില്ല. ഓരോ മാസവും നിർവ്വഹണോദ്യോഗസ്ഥരുടെ റിവ്യൂ മീറ്റിംഗ് നടത്തുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട്, ഭരണസമിതിയിൽ ബജറ്റും വാർഷിക റിപ്പോർട്ടും കൂടി ചേർത്ത് വച്ച് ചർച്ച ചെയ്ത് പോരായ്മകൾ മനസ്സിലാക്കി തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

വസ്തുനികുതി

കെട്ടിട നമ്പർ നൽകിയതിന് ശേഷം ഉപയോഗക്രമത്തിലും തറവിസ്തീർണ്ണത്തിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത് യഥാസമയം പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതുമാണ്.

തൊഴിൽ നികുതി

മുൻവർഷങ്ങളിൽ തൊഴിൽനികുതി അടച്ചുകൊണ്ടിരിക്കുന്നവരിൽ നിന്ന് മാത്രം തൊഴിൽനികുതി ഈടാക്കുന്ന സംവിധാനം മാറ്റി വാർഡ്തലത്തിൽ വിശദമായ അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബേസ് തയ്യാറാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ചട്ടം 10 പ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഡാറ്റാ ബേസിനുള്ള വിവരശേഖരണത്തിനായി കുടുംബശ്രീ പോലുള്ള സംഘടനകളുടെ സഹായം തേടാവുന്നതാണ്.

മറ്റ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം നികുതിയിളവ് കൊടുക്കാവുന്നതാണ്.

തൊഴിൽനികുതി രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഡി.സി.ബി. വിവരങ്ങൾ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ലൈസൻസ്

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അതനുസരിച്ച് ഡിമാന്റ് ചെയ്ത് ലൈസൻസ് ഫീസ് ഈടാക്കിയാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്താവുന്നതാണ്.

സഞ്ചയ അസസ്സ്മെന്റ് ലിസ്റ്റ് പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളിലെല്ലാം സ്ഥല പരിശോധന നടത്തി അനധികൃത വ്യാപാരങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

ലൈസൻസ് അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-17 സമഗ്ര ശിക്ഷാ കേരളം-തുക കൈപ്പറ്റിയ വിവരം നാളിതു വരെ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S72/23 എസ് എസ് എ വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് ഗവ.എൽ പി സ്കൂൾ ചിറ്റാറ്റുകര |
| അടങ്കൽ തുക | 5,93,883/-(വികസന ഫണ്ട്,ജനറൽ) |
| ആകെ ചെലവ് തുക | 5,93,883/- |
| ട്രഷറി റഫറൻസ് നം / തീ | 22110300000011848/29.10.22 |
| യുടിആർ നമ്പർ/തീയതി, തുക | ആർബിഐ3032213455320 /29.10.22 |

സമഗ്ര ശിക്ഷാ കേരളം ജില്ല പ്രൊജക്റ്റ് കോർഡിനേറ്ററുടെ എ 3 -207/22/EKM/SSK തീ 13.7.2022 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് പ്രോജക്ട് നമ്പർ S0 72/23പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നുമായി പഞ്ചായത്ത് വിഹിതമായി ആകെ 593883/- രൂപ ജില്ല പ്രൊജക്റ്റ് ഓഫീസറുടെ കനറ ബാങ്കിന്റെ 0806101073400 എന്ന അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ കത്തിൽ പരാമർശിച്ചിട്ടുള്ള കനറ ബാങ്കിന്റെ അക്കൗണ്ട് നമ്പർ 0806101074212 എന്നാണ്. തുക കൈപ്പറ്റിയ വിവരം നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു നൽകിയ മറുപടിയിൽ അക്കൗണ്ട് നം തെറ്റായി ആദ്യം നൽകിയെന്നാണ്. പിന്നീട് രണ്ടു തവണ ട്രഷറിയിൽ തിരുത്തുവാൻ ശ്രമിച്ചെങ്കിലും ശരിയായിട്ടില്ലായെന്നും വ്യക്തമാക്കിയിരുന്നു.(ഓഡിറ്റ് അന്വേഷണം നം 2/12.7.23). തുക തെറ്റായി കൈമാറിയത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ അന്വേഷിക്കേണ്ടതും ആയത് തിരികെ ഈടാക്കി സമഗ്ര ശിക്ഷാ കേരളം ജില്ല പ്രൊജക്റ്റ് കോർഡിനേറ്ററുടെ ശരിയായ അക്കൗണ്ടിലേക്ക് അയച്ചു നൽകി കൈപ്പറ്റ് രസീത്,വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ പദ്ധതി ചെലവ് തുക 5,93,883/- രൂപ തടസ്സപ്പെടുത്തുന്നു.

1-18 ഗവ.എൽ.പി. സ്കൂൾ ചിറ്റാറ്റുകര ഹെഡ്മിസ്ട്രസ്സിന്റെ പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമല്ല

ഗവ.എൽ.പി. സ്കൂൾ ചിറ്റാറ്റുകര ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തുന്നതിനായി 4 പദ്ധതികൾ ചുമതലപ്പെടുത്തിയെങ്കിലും 2 എണ്ണമാണ് നിർവ്വഹിച്ചിട്ടുള്ളത്. നടപ്പിലാക്കാത്ത പദ്ധതികൾ താഴെ ചേർക്കുന്നു :-

| ക്രമ നം | പദ്ധതിയുടെ നമ്പർ, പേര് | അടങ്കൽ തുക |
|---|---|---|
| 1 | S 152/23 സ്കൂളുകൾക്ക് കുടിവെള്ള സംഭരണി(സ്പിൽ ഓവർ) | 750000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 2 | 73/23 സാക്ഷരത തുടർ വിദ്യഭ്യാസ പദ്ധതി | 25000/-<br>(വികസന ഫണ്ട് -ജനറൽ) |

പദ്ധതികൾ നടപ്പിലാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ പട്ടികയിലെ ഒന്നാം പദ്ധതി ചിറ്റാറ്റുകര സ്കൂളുകളിലെ ഹെഡ്മിസ്ട്രസ്സുമാർ ആവശ്യപ്പെട്ടിട്ടില്ല എന്നും എൽ പി സ്കൂളിൽ ശുദ്ധജല ലഭ്യത ഉണ്ടെന്നും ജലസംഭരണിക്കു സൗകര്യമില്ലെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. രണ്ടാം പദ്ധതി മാർച്ച് അവസാനത്തിൽ ആണ് പദ്ധതി വിവരങ്ങൾ സാക്ഷരത പ്രേരക് ലഭ്യമാക്കിയതെന്നും ആയതിനാൽ അതു നടപ്പിലാക്കാൻ സാധിച്ചില്ലായെന്നും മറുപടി നൽകി.

(ഓഡിറ്റ് അന്വേഷണം 2/12.7.23). വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ, മറുപടി ലഭ്യമാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥ 15.02.2023 ൽ മാത്രമാണ് യോഗത്തിൽ പങ്കെടുത്തിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് പദ്ധതികളുടെ മോണിറ്ററിംഗ് സംബന്ധിച്ച് യാതൊരു ചർച്ചയും നടത്തിയിട്ടില്ല. പദ്ധതി മോണിറ്ററിംഗിനു തന്നെയായി പഞ്ചായത്ത് ഒരു പദ്ധതി നടപ്പിലാക്കിയപ്പോഴും ഇത്തരത്തിൽ നിർവ്വഹണങ്ങളുടെ മോണിറ്ററിംഗ് നടപ്പിലാക്കാത്തതു ആ പദ്ധതിയുടെ പരാജയമാണ്. കുടിവെള്ള ക്ഷാമമുള്ള പഞ്ചായത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉണ്ടായിട്ടും പദ്ധതി നിർവ്വഹിക്കാത്തത് നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു.

1-19 ചിറ്റാറ്റുകര പി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസറുടെ ഹെൽത്ത് ഗ്രാന്റ് പദ്ധതികളിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 165/23 -ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ തുക | 293019/-(ഹെൽത്ത് ഗ്രാന്റ് ) |
| ആകെ ചെലവ് തുക | 291979/- |
| ബിൽ നം തീയതി/തുക /കൈപ്പറ്റിയ സ്ഥാപനം | 1/22-23 തീ 4.1.23 32397/-(Recouping To HMC)<br>2/22-23 തീ 29.1.23 47603/-(Medilife Enterprises)<br>3/22-23 തീ 30.3.23 200/(Recouping To HMC)<br>4/22-23 തീ 30.3.23 178721/(KMSCL)<br>4/22-23 തീ 30.3.23 9853/(Medilife Enterprises)<br>5/22-23 തീ 30.3.23 1176/(Medilife Enterprises)<br>6/22-23 തീ 30.3.23 20049/(Medilife Enterprises)<br>7/22-23 തീ 30.3.23 220/(Medilife Enterprises)<br>8/22-23 തീ 30.3.23 1760/(Recouping To HMC) |

1)ഹെൽത്ത് ഗ്രാന്റ് സ്കീം 3 പ്രകാരം ഹെൽത്ത് പരിശോധനക്ക് വേണ്ട ലാബ് റീഏജന്റുകൾ, പരിശോധന കിറ്റ്, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ, സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ , മുകൾ തട്ടിലുള്ള ലാബുകളിലേക്ക് കൊണ്ടു പോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കായാണ് പദ്ധതി പണം വിനിയോഗിച്ചിട്ടുള്ളത്. പദ്ധതിയിൽ ലോക്കൽ ക്വട്ടേഷൻ മുഖേനയാണ് ലാബ് റി ഏജന്റുകളും ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത് . സാധനങ്ങൾ ആവശ്യം വരുന്ന സമയത്ത് ക്വട്ടേഷൻ നോട്ടീസുകൾ തയ്യാറാക്കുകയും മൂന്നു സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആവശ്യമുള്ള സാധനങ്ങൾ ഒരു നിർദ്ദിഷ്ട കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷനു പരസ്യം നൽകിയതായോ ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീ ഏജന്റുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി വാങ്ങുന്ന സ്ഥാപനവുമായി കരാർ വെക്കുകയോ ചെയ്തിട്ടില്ല.

I)സർക്കാർ ഉത്തരവ് നം 1/2019 / എസ് പി ഡി തീയതി 2.1.2019 പ്രകാരം ലാബ് റീ ഏജന്റുകൾ റെന്റൽ കോൺട്രാക്ട് എന്ന രീതിയിൽ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.51 ൽ പറഞ്ഞിരിക്കുന്നത് രോഗനിർണ്ണയത്തിനും ലാബോറട്ടറി പരിശോധനക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരന്റെ ഉടമസ്ഥതയിൽ നിലനിർത്തിയും ആവശ്യമായ റീ ഏജന്റുകളുടെ വിതരണം , ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാരൻ നടത്തേണ്ടതാണ് എന്ന നിബന്ധനകൾ ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിക്കണം എന്നാണ്. ഓരോ പരിശോധനക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും നടത്തുന്ന പരിശോധനക്ക് മാത്രം നിരക്ക് നൽകേണ്ടതുമാണ്. സാങ്കേതിക യോഗ്യത, ഫിനാൻഷ്യൽ ബിഡ് എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി ടെണ്ടർ സമർപ്പിക്കേണ്ടതാണ്. സാങ്കേതിക യോഗ്യത ഉള്ളവരുടെ ടെണ്ടർ മാത്രം പരിഗണിക്കേണ്ടതാണ്. ഉപകരണം പുതിയത് ആയിരിക്കേണ്ടതാണ്. മെഷീൻ 95 % പ്രവർത്തന ക്ഷമമായിരിക്കേണ്ടതാണ്. സാങ്കേതിക വിദ്യ മാറുമ്പോൾ , ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുമ്പോൾ നിരക്കിൽ മാറ്റമില്ലാതെ നിശ്ചിത ഫലം ഉറപ്പാക്കേണ്ടതുമാണ് . എന്നാൽ മേൽ പദ്ധതിയിൽ KMSCL ൽ നിന്നും റണ്ണിംഗ് കോൺട്രാക്റ്റിൽ അടക്കം 178721/- രൂപയ്ക്ക് Biolinx India Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും റീ ഏജന്റ് റഫ്രിജറേറ്റർ KMSCL മുഖാന്തരം വാങ്ങുന്നതിന് തുക കൈമാറിയിട്ടുണ്ട്. ഇതിൽ 11,692/- രൂപ KMSCL നുള്ള സർവ്വീസ് ചാർജ്ജ് ആണ്. എന്നാൽ റഫ്രിജറേറ്റർ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല. കൂടാതെ ABC Diagnostics Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് 6992/- രൂപക്കുള്ള ലാബ് റീ ഏജന്റുകളും വാങ്ങിയിട്ടുണ്ട്. ഇവിടെ ഖണ്ഡിക 7.51 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കപ്പെടേണ്ടതാണ്. KMSCL ൽ നിന്നും റഫ്രിജറേറ്റർ ലഭ്യമാക്കി സ്റ്റോക്കിലെടുത്തു പരിശോധനക്കു ലഭ്യമാക്കുന്നതുവരെ ബിൽ നം 4 പ്രകാരമുള്ള 1,78,721/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

II) KMSCL മുഖേനയല്ലാതെ ആകെ 94453/- രൂപയ്ക്കാണ് മെഡി ലൈഫ് എന്റർ പ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന ലാബ് റീ ഏജന്റുകളും ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത് . ഇതു കൂടാതെ ആശുപത്രിയിലേക്ക് 9853/- രൂപക്ക് സ്റ്റൂളും ടേബിളും വാങ്ങിയിട്ടുള്ളതും ഇതേ സ്ഥാപനത്തിൽ

നിന്നാണ്. ക്വട്ടേഷൻ നടപടി പാലിക്കപ്പെട്ടിട്ടില്ല. ഹോസ്പിറ്റൽ ഫർണ്ണീച്ചറുകൾ വാങ്ങുന്നതിന് SIDCO, ARTCO എന്നീ സ്ഥാപനങ്ങളിൽ നിന്നും പഴയ നിരക്കിൽ ടെണ്ടർ നടപടികൾ കൂടാതെ തന്നെ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതിയുണ്ട് .അപ്രകാരമുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചു കാണുന്നില്ല. പ്രൊക്യൂർമെന്റ് മാന്വൽ (സർക്കാർ ഉത്തരവ് നം (അച്ചടി) 259/2010 തീ 8.11.2010) ഖണ്ഡിക 3 പ്രകാരം 5000/-രൂപക്ക് മുകളിലെ വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്. ക്വട്ടേഷൻ നടപടി പാലിക്കാത്തതിനാൽ ബിൽ നം 4 പ്രകാരമുള്ള 9853/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) സ്കീം 4 പ്രകാരം ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ സബ്സെന്റർ തലത്തിൽ എന്ന പദ്ധതിയിലേക്ക്(പദ്ധതി നം 166/23) ഹെൽത്ത് ഗ്രാന്റായി അനുവദിച്ച തുക 1,60,000/- രൂപയിൽ 1,59,990/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം 1/22-23 /30.3.23 30000/-
2/22-23 /30.3.23 79992 /-
3/22-23 /30.3.23 49998/-

ഐ ഇ സി (Information Education Communication) ബ്രാന്റിംഗ് പ്രവർത്തനത്തിലേക്കായി 30,000/- രൂപ ചെലവഴിച്ചതൊഴിച്ചാൽ ബാക്കി തുക സബ്സെന്ററുകളിലേക്ക് ലാബ് റീ ഏജന്റുകൾ, പരിശോധന കിറ്റുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേക്കാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക (79992+49998) =129990/-രൂപ മുകളിലെ ഖണ്ഡികയിൽ പറഞ്ഞതു പോലെ മെഡി ലൈഫ് എന്റർ പ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന ലാബ് റീ ഏജന്റുകളും ഉപകരണങ്ങളും വാങ്ങാനാണ് ഉപയോഗിച്ചിട്ടുള്ളത്. ആവശ്യമുള്ള സാധനങ്ങൾ ഒരു നിർദ്ദിഷ്ട കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷൻ പരസ്യം നൽകിയതായോ ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീ ഏജന്റുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി വാങ്ങുന്ന സ്ഥാപനവുമായി കരാർ വെക്കുകയോ ചെയ്തിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 7.51 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇവിടെയും പാലിക്കപ്പെടേണ്ടതാണ്.

മേൽ 1,2 ഖണ്ഡികകളിൽ സൂചിപ്പിച്ച അപാകതകൾക്ക് (ഓഡിറ്റ് അന്വേഷണം നം 3/13.7.23) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകത പരിഹരിക്കപ്പെട്ടിട്ടില്ല.

3) പി എച്ച് സി യുടെ കീഴിലുള്ള 5 സബ് സെന്ററുകൾ സ്വന്തമായുള്ള കെട്ടിടത്തിൽ അല്ല പ്രവർത്തിക്കുന്നത്. സ്കീം 3, 4 എന്നിവയിലായി 2022 മുതൽ 2026 വരെയായി ലഭ്യമാകുന്ന ഹെൽത്ത് ഗ്രാന്റ് ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങളിൽ പരമാവധി ഉപയോഗിക്കുന്നതിന് സബ്സെന്ററുകളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയേ മതിയാകൂ എന്നതിനാൽ ഇതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയില്ല(നം 3/13.7.23)

## 1-20 പി.എച്ച്.സി.യുടെ മുകളിൽ സ്ഥാപിച്ച സോളാർ പാനൽ നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല

ജി.ഒ (ആർ.ടി) 1863/2016 തസ്വഭവ 7.6. 2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും മേൽക്കൂരയ്ക്ക് മുകളിൽ 25 Kw ഗ്രിഡ് സ്ഥാപിച്ച് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 2000/- രൂപ തനതു ഫണ്ടിൽ നിന്നുള്ള ചെലവിൽ സാധ്യത പഠനം നടത്താൻ CDIT എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ് . ജി.ഒ.(ആർ.ടി.) 1384/ 14 തസ്വഭവ 3.6.14 പ്രകാരം സൗരോർജ്ജ പദ്ധതി നടപ്പാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളായി കെൽട്രോൺ, യുണൈറ്റഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ അംഗീകരിച്ചിട്ടുള്ളതുമാണ് . എന്നാൽ ഇത്തരം പദ്ധതികൾ ഒന്നും ഈ പഞ്ചായത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താതെ തന്നെ ചിറ്റാട്ടുകര പി എച്ച് സി കെട്ടിടത്തിന്റെ മുകളിൽ സോളാർ പാനൽ 2019 -20 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട് .ആയത് നാളിതു വരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. പദ്ധതി ആരാണ് നിർവ്വഹിച്ചതെന്നോ പാനൽ എത്ര KVA യുടെതാണെന്നോ തുടങ്ങിയ പ്രൊജക്റ്റ് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരങ്ങളനുസരിച്ച് MLA ഫണ്ട് ഉപയോഗിച്ച് പുനർജനി പ്രൊജക്റ്റ് പ്രകാരമാണ് പാനൽ വെച്ചത് എന്നും ഇതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പി എച്ച് സിക്ക് കൈമാറിയിട്ടില്ല എന്നുമാണ് പി എച്ച് സിയിൽ നിന്നും ലഭ്യമായ വിവരം. ( മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് ചിറ്റാട്ടുകര പി എച്ച് സി, പ്രസിഡന്റ് / സെക്രട്ടറി ചിറ്റാട്ടുകര പഞ്ചായത്തിനു നൽകിയ 7.6.23 ലെ 240/23 നം കത്ത് ) . 15.02.2023 ലെ ആരോഗ്യ വിഭാഗം വർക്കിംഗ് ഗ്രൂപ്പ് വികസന സെമിനാർ മിനിറ്റ്സിൽ പാനൽ പ്രവർത്തന ക്ഷമമാക്കണമെന്നുള്ള നിർദ്ദേശം വെച്ചിട്ടുണ്ടായിരുന്നു. പഞ്ചായത്ത് അല്ല പദ്ധതി നടപ്പിലാക്കിയത് എങ്കിൽ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനത്തിൽ ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നോ എന്ന കാര്യത്തിൽ വ്യക്തതയില്ല. നാളിതു വരെ പാനൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മെഡിക്കൽ ഓഫീസർ 2022 -23 ൽ കണ്ടിജന്റ് ചെലവിനത്തിൽ പി എച്ച് സിയിലെ മാത്രം 7 മാസത്തെ കറന്റ് ബിൽ അടക്കുന്നതിനായി പ്രൊജക്റ്റ് 7/ 23 പ്രകാരം 81290/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി പദ്ധതി എം എൽ എ ഫണ്ടുപയോഗിച്ചുള്ള പദ്ധതിയല്ലെന്നും എം എൽ എ ഓഫീസിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

മേൽ പ്രവൃത്തിക്കു പഞ്ചായത്ത് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നോ എന്ന കാര്യത്തിൽ മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം 3/13.7.23). പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനത്തിനു വേണ്ടി ഇപ്രകാരം തുക ചെലവഴിച്ചിട്ട് 4 വർഷം കഴിഞ്ഞിട്ടും രേഖകളിൽ പോലുമില്ലാതെ സോളാർ പാനൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ പദ്ധതികൾ-ലക്ഷ്യം കൈവരിച്ചില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 54/23(എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ) |
| ആകെ അടങ്കൽ | ₹ 2,00,000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ആകെ ചെലവ് | ₹2,00,000/-(പ്രൊഫോർമ്മ ഇൻവോയ്സ് നമ്പർ പി എഫ് 911/29.11.22) |
| യുണീക് ട്രാൻസാക്ഷൻ റഫറൻസ് (UTR)നമ്പർ/തീയതി | ആർബിഐ3482292179107/13.12.2022 |

2) ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 33/23-ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ |
| ആകെ അടങ്കൽ | ₹ 3,00,000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ആകെ ചെലവ് | ₹3,00,000(പ്രൊഫോർമ്മ ഇൻവോയ്സ് നമ്പർ പി എഫ് 739/2.11.22) |
| യുണീക് ട്രാൻസാക്ഷൻ റഫറൻസ് (UTR)നമ്പർ/തീയതി | ആർബിഐ3272251754596/22.11.2022 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ മേൽ സൂചിപ്പിച്ച രണ്ടു പദ്ധതികളിലും കൂടി 5,00,000/- രൂപയുടെ മരുന്നുകൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് കാണിച്ചിട്ടുള്ള 5,00,000/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്. ഒന്നാമതു കാണിച്ചിട്ടുള്ള പദ്ധതിയിൽ ഹോംകോയുമായുള്ള കരാർ 31.1.23 ന് ആണ് ചമച്ചിട്ടുള്ളത്. എന്നാൽ ഹോംകോ തുക കൈപ്പറ്റിയ തീയതി കാണിച്ചിട്ടുള്ളത് 21.02.2023 എന്നാണ്(നം 7069/21.02.2023). രണ്ടാമത്തെ പദ്ധതിയിൽ ഹോംകോയുമായുള്ള കരാർ 10.01.2023 ആണ് ചമച്ചിട്ടുള്ളത്. ഹോംകോ യുടെ തുക കൈപ്പറ്റിയ തീയതിയും 10.01.23 തന്നെ ആണ്(6908/10.1.23). തുക കൈപ്പറ്റി 9 മാസത്തിനുള്ളിൽ മരുന്നു ലഭ്യമാക്കുമെന്നും അതിനുള്ളിൽ ലഭ്യമായില്ലെങ്കിൽ സംഭവിക്കുന്ന നഷ്ടങ്ങൾക്ക് സ്ഥാപനത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാമെന്നും കരാറിൽ പറയുന്നുണ്ട്. തുക കൈമാറിയ ശേഷം വളരെ വൈകി കരാർ ചമയ്ക്കുന്നതു ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല(നം 15/17.7.23 ). മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്കു വിധേയമാക്കുന്നതു വരെ മേൽ പദ്ധതികളുടെ ചെലവ് 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | S177/23 |
| അടങ്കൽ | 150000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | രൂപ 149988/- |
| ബിൽ നമ്പർ/തീയതി,തുക | 461/24.03.2023 തുക രൂപ 149988/- |

പഞ്ചായത്തിലെ 29 അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി 1,49,988/- രൂപ ചെലവഴിച്ച് 'മോഡേൺ ഇൻഡസ്ട്രീസ് '-ൽ നിന്നും മൂന്ന് ഇനം കളിയുപകരണങ്ങൾ വാങ്ങി അങ്കണവാടികളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. വാങ്ങുന്നതിന് ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കിയതിൽ ആവശ്യമായ കളിപ്പാട്ടങ്ങളുടെ ലിസ്റ്റിൽ ബിൽഡിംഗ് ബ്ലോക്ക്സ്, മാജിക് കാർ, സൈക്കിൾ, സീ-സോ, സ്ലൈഡർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 06.03.2023 ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വിൻഡോ സൈസ് പത്രപരസ്യം നൽകുന്നതിന് 20.02.2023 ന്

ദേശാഭിമാനി പത്രാധിപർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പത്രപ്പരസ്യമോ ആയതിന് വന്ന ചെലവ് വിവരമോ ഇല്ല. സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ ഫയലിൽ ലഭ്യമല്ല. 2 സ്ഥാപനങ്ങളിൽ നിന്നുള്ള കളിയുപകരണങ്ങളുടെ നിരക്കുകൾ സംബന്ധിച്ച കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തി തുടർ നടപടികൾക്കായി ഒരു കത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 07.03.23ന് നൽകിയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ ആയേഷ ഇൻഡസ്ട്രീസ്,മോഡേൺ ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളുടെ ബിൽഡിംഗ് ബ്ളോക്ക്സ്,മാജിക് കാർ,സൈക്കിൾ എന്നീ ഇനങ്ങളുടെ നിരക്കുകൾ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറവ് നിരക്ക് രേഖപ്പെടുത്തിയ മോഡേൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ നിരക്കുകൾ താഴെ ചേർക്കുന്നു.

ബിൽഡിംഗ് ബ്ളോക്ക്സ്-2000

മാജിക് കാർ-1800

സൈക്കിൾ - 1680

8.3.23 ലെ പഞ്ചായത്ത് ഭരണ സമിതി അടിയന്തിര കമ്മറ്റി തീരുമാന പ്രകാരം മോഡേൺ ഇൻഡസ്ട്രീസ് ബിനാനിപുരം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും സ്ഥാപനത്തിന് 14.03.23 ന് വർക്ക് ഓർഡർ നൽകുകയും C45/23.3.23 ടാക്സ് ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് .

എന്നാൽ സ്ഥാപനത്തിന്റെ കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതിനേക്കാൾ കൂടിയ നിരക്കിൽ ആണ് സൈക്കിളിന്റെ വില ബില്ലിൽ കാണിച്ചിട്ടുള്ളത്. ബിൽ പ്രകാരം ഒരു സൈക്കിളിന് 1640 രൂപയ്ക്ക് 5% ജി എസ്.ടി സഹിതം 1722/- രൂപ വരുന്നുണ്ട്. സ്റ്റേറ്റ്മെന്റ് പ്രകാരം 1680x29= 48720/- രൂപ വരേണ്ടിയിടത്ത് 1722x29=49938 രൂപയാണ് ബിൽപ്രകാരം വന്നിട്ടുള്ളത്. ബിൽ പ്രകാരം 1218/- രൂപ അധികം നൽകിയിട്ടുണ്ട്. സ്ഥാപനം തുക കൈപ്പറ്റിയ രസീത് ലഭ്യമല്ല. സ്ഥാപനം ജി.എസ്.ടി അടവാക്കിയോ എന്നുറപ്പ് വരുത്തിയിട്ടില്ല. പ്രൊക്വർമെന്റ് കമ്മിറ്റി കൂടിയതായോ വിതരണം ചെയ്ത ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതായോ ഉള്ള വിവരമില്ല. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് നടത്തിയ വിവരമില്ല. ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയ മറ്റു ഉപകരണങ്ങൾ വാങ്ങാത്തതിനു കാരണം വ്യക്തമല്ല . പത്രപ്പരസ്യം, സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ, തുക കൈപ്പറ്റിയതായുള്ള സ്ഥാപനത്തിന്റെ രസീത്, ജി.എസ്.ടി അടവാക്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ചും, അധികമായി തുക കൈമാറിയതു സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയില്ല(നം 14/17.7.23 ). അധികം നൽകിയ തുക 1,218/- രൂപ ചെലവിൽ നിരാകരിക്കുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ബാക്കി ചെലവ് തുക 1,48,770 /-രൂപ തടസ്സപ്പെടുത്തുന്നു.

2) വയോജനങ്ങൾക്ക് കട്ടിൽ – ജനറൽ

| | |
|---|---|
| പ്രോജക്ട് നം | S 65/23 |
| അടങ്കൽ | ₹ 2,34,900/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | ₹ 2,34,900/- |
| ബിൽ നമ്പർ/തീയതി,തുക | 463/24.03.2023 തുക ₹2,34,900/- |

പഞ്ചായത്തിലെ 60 വയസ്സ് തികഞ്ഞവരും രണ്ടു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള സ്ഥിരതാമസക്കാരുമായ ഗുണഭോക്താക്കൾക്കാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 75 കഴിഞ്ഞവർ, കിടപ്പുരോഗികൾ, ബിപിഎൽ പരിധിയിൽ പെടുന്നവർ, ഭിന്നശേഷിക്കാർ, വിധവകൾ എന്നിവർക്കാണ് മുൻഗണന.

കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി 234900/- രൂപ ചെലവഴിച്ച് 'കീർത്തി ഫർണ്ണീച്ചർ '-ൽ നിന്നും 88 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി ഗുണഭോക്താക്കളുടെ ഒപ്പു സഹിതം നോട്ട് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കുറവ് പേജുകളുള്ള നോട്ടുബുക്കിലാണ് വിതരണവിവരം രേഖപ്പെടുത്തുന്നത്. തുടർന്നുള്ള വർഷങ്ങളിലും ഇത്തരം പദ്ധതി നടപ്പിലാക്കുമ്പോൾ വേറൊരു ബുക്കിൽ രേഖപ്പെടുത്തേണ്ടി വരുന്നതിനാൽ ഇത്തരം പദ്ധതികളിലെ ഗുണഭോക്താക്കളിൽ അനർഹരായവർ ഉണ്ടോയെന്നു പരിശോധിക്കാൻ ബുദ്ധിമുട്ടാണ്. കട്ടിൽ വാങ്ങുന്നതിന് വിൻഡോ സൈസ് പത്രപ്പരസ്യം നൽകുന്നതിന് 20.02.2023 ന് ദേശാഭിമാനി പത്രാധിപർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പത്രപ്പരസ്യമോ ആയതിന് വന്ന ചെലവ് വിവരമോ ഇല്ല. കട്ടിൽ ലഭ്യമാക്കിയ സ്ഥാപനത്തിൽ നിന്ന് ഒഴികെ മറ്റുസ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ ഫയലിൽ ലഭ്യമല്ല(ആയേഷ ഇൻഡസ്ട്രീസ്, മോഡേൺ ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങൾ). കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. കട്ടിൽ ലഭ്യമാക്കിയ കീർത്തി ഫർണ്ണീച്ചർ സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ ആഞ്ഞിലി, മഹാഗണി, മൂത്ത തെങ്ങിൻതടി എന്നീ മരങ്ങളുടെ കട്ടിലുകളുടെ നിരക്കുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ മൂത്ത തെങ്ങിൻതടി കൊണ്ടുള്ള കട്ടിൽ ആണ് ലഭ്യമാക്കിയിട്ടുള്ളത്. (ബിൽ നം 32/24.3.23). ക്വട്ടേഷനിൽ കമ്പനി ജി എസ് ടി രജിസ്ട്രേഷൻ വിവരമില്ല. കോക്കനട്ട് വുഡൻ കോട്ട്- 2690 എന്ന ജിഎസ്.ടി.യില്ലാത്ത നിരക്കാണ് കട്ടിലിനു കാണിച്ചിട്ടുള്ളത്. ബിൽ തുക 88X2690=236720/രൂപ . എന്നാൽ 2,34,900/- രൂപയാണ് കൈമാറിയിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നുള്ള തുക കൈപ്പറ്റ് വിവരം ലഭ്യമല്ല. സ്ഥാപനവുമായി കരാർ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് ഭരണ സമിതി തീരുമാനം, സ്ഥാപനത്തിന് നൽകിയ വർക്ക് ഓർഡർ പകർപ്പ് എന്നിവ ലഭ്യമല്ല. സ്ഥാപനം ജി എസ്.ടി അടവാക്കിയോ എന്നുറപ്പു വരുത്തിയിട്ടില്ല. പ്രൊക്വർമെന്റ് കമ്മിറ്റി കൂടിയതായോ വിതരണംചെയ്ത കട്ടിലുകളുടെ ഗുണനിലവാരം പരിശോധിച്ചതായോ ഉള്ള വിവരമില്ല. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് നടത്തിയ വിവരമില്ല. മേൽ കാണിച്ചിട്ടുള്ള അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം നം 14/17.7.23 ). രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ 2,34,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S09/23, അങ്കണവാടി അനുപൂരക പോഷകാഹാരം |
| അടങ്കൽ | ₹30,00,000/-<br>(2000000/- വികസന ഫണ്ട് - ജനറൽ, 1000000/- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | ₹17,79,109/-<br>(1493733/- വികസന ഫണ്ട് - ജനറൽ, 285376/- കേന്ദ്രാവിഷ്കൃത ഫണ്ട്) |

ഈ പദ്ധതിയിൽ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി അമൃതം, സഫല എന്നീ പോഷകാഹാര പായ്ക്കറ്റുകൾ കൂടാതെ സപ്ലൈകോ-യിൽ നിന്ന് അരി, ചെറുപയർ, മറ്റ് ധാന്യങ്ങൾ, വെളിച്ചെണ്ണ എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ അമൃതം, സഫല എന്നീ ഉല്പന്നങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിലുണ്ട്. എന്നാൽ സപ്ലൈകോ-യിൽ നിന്ന് വാങ്ങിയ ഭക്ഷ്യവസ്തുക്കൾ ചില മാസങ്ങളിലേത് മാത്രമാണ് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിലുള്ളത്.
ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും സാധനങ്ങളും ഉപകരണങ്ങളും വാങ്ങി വിതരണം ചെയ്യുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ്, വോള്യം 1 ലെ ആർട്ടിക്കിൾ 147, 149(1), 150, 152 എന്നിവ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. ഐ.സി.ഡി.എസ്.- ക്യാഷ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

ബിൽനം 221/21.12.22 പ്രകാരമുള്ള 13279/- രൂപയുടെയും ബിൽ നം 225/21.12.22 പ്രകാരമുള്ള 5014/- രൂപയുടെയും ക്യാഷ് ട്രാൻസാക്ഷനുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ബിൽനം 158/19.11.22 പ്രകാരമുള്ള 134834/- രൂപയുടെയും ബിൽനം 159/19.11.22 പ്രകാരമുള്ള 247920/- രൂപയുടെയും ക്യാഷ് ട്രാൻസാക്ഷനുകൾ യഥാക്രമം 1,32,548/-രൂപ , 2,43,718/-രൂപ എന്നിങ്ങനെ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനു മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം14/17.7.2023 ).

1-23 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.
I. വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം | S136/23 |
| അടങ്കൽ | 200000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്) |
| ചെലവ് | 200000/- |
| ബിൽ യുടിആർ നമ്പർ/ തീയതി,തുക | ആർബിഐ 10182347311495/17.1.23 തുക രൂ.200000/- |

വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി 200000/- രൂപ ചെലവഴിച്ച് കൂത്താട്ടുകുളം ഫാർമേഴ്സ് സർവ്വീസ് കോ-ബാങ്ക് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്(ബിൽ ഇൻവോയ്സ് നം എഭ34006/5.1.23). നോട്ട് ബുക്കിലാണ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. 5.1.23 ൽ സ്റ്റോക്കിലെടുത്തതിൽ ആകെ 106764/-+GST=1,23,172/- രൂപയുടെ മരുന്നുകളേ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി 76,828/- രൂപക്കുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 16/17.7.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കി മരുന്നുകൾ സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കുന്നതു വരെ 76,828/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

II. മറ്റു അപാകതകൾ

1) കറവ പശു വിതരണം, പോത്തുകുട്ടി വിതരണം പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണ ഭോക്താക്കളുടെ കൈപ്പറ്റ് രസീതുകൾ പ്രൊജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിതരണം നടത്തിയതു സംബന്ധിച്ച് വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2) വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായും 5

ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി പർച്ചേസ് കമ്മറ്റി രൂപീകരിച്ചതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ടില്ല.

അപാകതകൾക്കു മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം16/17.7.23 ).

## 1-24 വൗച്ചർ പരിശോധനയിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ചെലവുകൾ സംബന്ധിച്ച് അപാകതകൾ കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| നം | ചെലവിനം | തുക അനുവദിച്ച സ്ഥാപനം/ വ്യക്തി | നൽകിയ തുക വൗച്ചർ.നം, തീയതി | അപാകത |
|---|---|---|---|---|
| 1 | പി.എച്ച്. സി.യി ൽ ദിവസവേതന വ്യവസ്ഥയിൽ നിയമിതനായ അറ്റന്റർക്ക് അനുവദിച്ച വേതനം | സുധർമ്മ വി എ | 600/-pm | ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് (സ.ഉ (പി)നം-29/21/ധന, തീയതി-11.02.21, കാറ്റഗറി-1) പ്രകാരം അറ്റന്റർക്ക് അനുവദിക്കാവുന്ന ദിവസവേതനം 675 രൂപയും പ്രതിമാസ വേതനപരിധി 18390- രൂപയുമാണ്. എന്നാൽ ടിയാന് കുറഞ്ഞ നിരക്കിലാണ് വേതനം നൽകിയത് |
| 2 | വക്കീൽ ഫീസ് | ശ്രീ അജിത്ത്കുമാർ | 90000/- 294/18.07..2022 15000/- 97/28.02.23 | ആദായനികുതി ടി.ഡി.എസ് ഈടാക്കിയിട്ടില്ല |

## 1-25 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനാവലോകനം

പഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ നിലവിൽ രൂപീകൃതമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.9.18 ലെ 2462/18 നമ്പർ ഉത്തരവ് പ്രകാരം ഏറ്റവും പുതിയതായി രൂപീകരിച്ച ദുരന്തനിവാരണം-ജൈവവൈവിധ്യം ഗ്രൂപ്പും ഇവയിലുൾപ്പെടുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തങ്ങൾ എത്രത്തോളം നിർവ്വഹിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ 24.6.22, 20.9.22, 17.12.22, 15.2.23 എന്നീ വിവിധ തീയതികളിലായി യോഗം ചേർന്നതായി കാണിച്ചിട്ടുണ്ട്. . ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പും 3 തവണ മാത്രം യോഗം കൂടിയിട്ടുള്ളൂ. എന്നാൽ മിനിറ്റ്സുകൾ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും രേഖപ്പെടുത്തുന്നില്ല. ഉദാ:-പൊതു മരാമത്ത് , ദുരന്തനിവാരണം-ജൈവവൈവിധ്യം , പട്ടികജാതി/വർഗ്ഗ വികസനം - 15.2.23, സാമൂഹിക ക്ഷേമം, കൃഷി - 20.9.2022. യോഗങ്ങളിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല. യോഗ വിവരങ്ങളും തീരുമാനങ്ങളും ഉൾപ്പെടുത്തി മിനിറ്റ്സ് ബുക്കുകൾ പൂർണമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ് .ഓരോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും കൃത്യമായി യോഗത്തിൽ ഹാജരാകുന്നതിനും ക്രിയാത്മക നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉന്നയിച്ച് പദ്ധതി നിർവ്വഹണം കൂടുതൽ മികവിലേക്കെത്തിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ശുചിമുറി നിർമ്മാണം - രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ.47/23 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| പ്രോജക്ടിന്റെ പേര് | ശുചിമുറി നിർമ്മാണം |
| ആകെ അടങ്കൽ തുക (₹156000/- സംസ്ഥാനാവിഷ്കൃത ഫണ്ട്, ₹44200/- തനത്ഫണ്ട് ) | ₹2,00,200/- |

| | |
|---|---|
| ആകെ ചെലവ്<br>₹84000/-( സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>₹23800/-(തനത്ഫണ്ട് ) | ₹1,07,800/-<br>തുക(₹84000/-)/ചെക്ക് നം./തീയതി<br>12000/- : 28871/06.08.2022ബാങ്ക് ഓഫ് ഇന്ത്യ<br>24000/- : 28873/22.02.2022ബാങ്ക് ഓഫ് ഇന്ത്യ<br>12000/-: 28874/28.09.20222 ബാങ്ക് ഓഫ് ഇന്ത്യ<br>24000/-: 101086/08.12.2022 ബാങ്ക് ഓഫ് ഇന്ത്യ<br>12000/-: 101087/17.12.2022 ബാങ്ക് ഓഫ് ഇന്ത്യ<br>തുക(₹23800/-)/ചെക്ക് നം./തീയതി<br>3400/- : 84652/06.08.2022 പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്.<br>6800/- : 86681/22.08.2022വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്.<br>3400/- : 90883/28.09.2022 വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്.<br>6800/- :87519/ 08.12.2022 വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്.<br>3400/- :87960/20.12.2022വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്. |

മേൽ പ്രോജക്ട് മുഖേന എം.വി. സുദർശൻ, സനിൽകുമാർ മുത്തണ്ടശ്ശേരിൽ , ഗോപാലൻ കപ്പനാട്ടുതറ, സിമി കറവൻ പറമ്പിൽ, രാജേശ്വരി ടി.വി, സത്യരാജ് എൻ.എസ്., ഉഷ സുരേഷ് എന്നീ 7 ഗുണഭോക്താക്കൾക്കായി (ഓരോരുത്തർക്കും ₹15400/- വീതം ) ₹1,07,800/- ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ

2. മോണിറ്ററിംഗ് സമിതി റിപ്പോർട്ട്.

3. സത്യരാജ് എൻ.എസ്. നെടിയറ 350, ചിറ്റാറ്റുകര എന്നയാളുടെ ധനസഹായത്തിനുള്ള അപേക്ഷ.
മേൽപ്പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് എൻക്വയറി നൽകിയെങ്കിലും (നം.12/17.07.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-27 വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വെള്ളക്കരം 22,71,000/-രൂപയാണ്. ഗ്രാമപഞ്ചായത്തിൽ 412 ടാപ്പുകൾ ഉള്ളതായും ആയതിന് വാട്ടർ അതോറിററി പ്രതിമാസം 1,98,721/-രൂപ കരം ചുമത്തുന്നതായും കാണുന്നു. 03/2022 ൽ 9115/-രൂപ വെള്ളക്കരം കുടിശിക ഉണ്ടായിരുന്നു. ആയതും പിഴയും സഹിതം 10,242/- രൂപ സെപ്ററംബർ മാസം അടവാക്കിയിട്ടുണ്ട്. എന്നാൽ അതേ സമയം നിരവധി ടാപ്പുകൾ പ്രവർത്തിക്കാത്തതായി കമ്മിററിയിൽ നിരന്തര പരാതി ഉയർന്നിട്ടും വാട്ടർ അതോറിററിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. 27.1.2023 ലെ കമ്മിറ്റിയിൽ ഉപയോഗിക്കാത്ത ടാപ്പുകൾ നീക്കം ചെയ്യുലിനായി തീരുമാനം എടുത്തുവെങ്കിലും നടപടി ആയിട്ടില്ല. അതുമൂലം 412 ടാപ്പുകളുടെ മാർച്ച മാസവെള്ളക്കരം 4,99,859/- രൂപയാണ് വാട്ടർ അതോറിററി ചുമത്തിയിട്ടുള്ളത്. 01.6.2023ൽ പ്രസ്തുത ടാപ്പുകളുടെ നീക്കംചെയ്യുലിനായി വാട്ടർ അതോറിറ്റി 6,54,000/-രൂപയുടെ എസ്ററിമേറ്റ് നല്കിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തിയ വിവരം റിപ്പോർട്ടു ചെയ്യേണ്ടതും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-28 സമഗ്രമാലിന്യനിർമ്മാർജ്ജനം - രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ.46/23 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | വി.ഇ.ഓ. |
| പ്രോജക്ടിന്റെ പേര് | സമഗ്രമാലിന്യനിർമ്മാർജ്ജനം |
| ആകെ അടങ്കൽ തുക | ₹378400/-( കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ആകെ ചെലവ് | ₹366510/- |
| ബിൽ നം./തീയതി | 11/20.05.2023(₹2,55,920/-) |

മേൽ പ്രോജക്ടിനായി ₹3,66,510/- ചെലവഴിച്ചിട്ടുണ്ട്. അതിൽ ₹2,55,920/- ചെലവഴിച്ച് വാങ്ങിയ മൾട്ടി പർപ്പസ് പ്ലാറ്റ് ഫോം ട്രോളിയുടെ(19എണ്ണം) വിതരണ രജിസ്റ്റർ, പ്രോജക്ട് മോണിറ്ററിംഗ് സമിതി റിപ്പോർട്ട്

എന്നിവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. മേൽപ്പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് എൻക്വയറി നൽകിയെങ്കിലും (നം.13/17.07.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-29 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് 18 വാർഡുകളിലേക്കും 20,000/-രൂപ വീതം 360,000/- രൂപ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി 2022-23 വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 180000/-രൂപ ശുചിത്വമിഷൻ വിഹിതമാണ്. മേൽ സൂചിപ്പിച്ച പ്രകാരം ശുചിത്വമിഷൻ വിഹിതവും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ തുക ശുചിത്വമിഷനിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതു ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി തോടുകളുടെ നവീകരണം ആണ് പ്രധാനമായും ചെയ്തിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഇതേ പ്രവൃത്തികൾ തന്നെയാണ് ചെയ്തിട്ടുള്ളത്. നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നല്കുന്ന വാല്യുവേഷനിൽ ശുചീകരണം നടത്തിയത് ഏതു തോടാണ് എന്നു വ്യക്തമാകുന്നില്ല. വാല്യുവേഷനിൽ ഏതു വാർഡ്, ഏതു തോട് എന്നിങ്ങനെയുള്ള വിവരങ്ങൾ പൂർണ്ണമായും ചേർക്കേണ്ടതാണ്.

### 1-30 സമഗ്ര ശിക്ഷാ കേരളം-പ്രതീക്ഷിത വിനിയോഗ പത്രികയിനങ്ങളിലെ ചെലവ് പരിശോധിക്കപ്പെടേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S72/23 എസ് എസ് എ വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് ഗവ.എൽ പി സ്കൂൾ ചിറ്റാറ്റുകര |
| അടങ്കൽ തുക | 593883/-(വികസന ഫണ്ട്-ജനറൽ) |
| ആകെ ചെലവ് തുക | 5,93,883/- |
| ട്രഷറി റഫറൻസ് നം / തീയതി | 221103000000011848/29.10.22 |
| യു.ടി.ആർ നമ്പർ/തീയതി, | ആർബിഐ, 3032213455320 /29.10.22 |

മേൽ സമഗ്ര ശിക്ഷാ കേരളം വാർഷിക പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എൽ എസ് ജി ഷെയർ സ്റ്റേറ്റ്മെന്റ് (2022-23 വർഷത്തെ പ്രതീക്ഷിത വിനിയോഗ പത്രിക) പ്രകാരം പഞ്ചായത്ത് നൽകേണ്ട തുക വകയിരുത്തിയതിൽ താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെട്ടതായി കാണുന്നു.

| ഇനം | തുക |
|---|---|
| സെൽഫ് ഡിഫൻസ് ട്രെയിനിംഗ് | 8000 |
| ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ്(CWSN) | 6098 |

മേൽ ഇനങ്ങളിൽ വകയിരുത്തിയ തുകകൾ ആ ഇനങ്ങളിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ടോ എന്നതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥക്കു ഉറപ്പില്ല(ഓഡിറ്റ് അന്വേഷണം നം 2/12.7.2023). മേൽ ഇനങ്ങളിൽ വകയിരുത്തിയ തുകകൾ ആ ഇനങ്ങളിൽ ചെലവഴിക്കപ്പെടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് അടുത്ത വർഷത്തെ ചെലവുകളിൽ അഡ്ജസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-31 ദുരിതാശ്വാസനിധി

പഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 84 പ്രകാരം 2 ദുരിതാശ്വാസനിധി രസീതുബുക്കുകൾ ഉണ്ടെങ്കിലും പിരിവ് നടത്തിയതായി കാണുന്നില്ല. പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന വിഷയത്തിൽ നല്കിയ എൻക്വയറിക്കു (നം 18/19.07.2023) നല്കിയ മറുപടിയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല എന്നു മറുപടി ലഭിച്ചു. ദുരിതാശ്വാസനിധി രൂപീകരിക്കാതെ രസീതുബുക്കുകൾ വാങ്ങി സ്റ്റോക്കിലെടുത്തത് ശരിയായ നടപടിയല്ല.

2003 ലെ കേരളാപഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം മുതലായ ദുരിതങ്ങളിൽ ഒരു കൈത്താങ്ങാകുന്നതിന് വേണ്ടി ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും അനുശാസിക്കുന്നുണ്ട്. അതിൻപ്രകാരം ഓരോ പഞ്ചായത്തും ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ചിറ്റാറ്റുകര പഞ്ചായത്തിൽ ആയത് രൂപീകരിച്ചിട്ടില്ല. വെള്ളപ്പൊക്കം വളരെയധികം ഭീഷണി ഉയർത്തുന്ന ഒരു പഞ്ചായത്ത് എന്ന നിലയ്ക്ക് ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

### 1-32 പഞ്ചായത്ത് ഓഫീസ് നിർമ്മാണം-പദ്ധതി പാതിവഴിയിൽ

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് വേണ്ടി 2017-18 കാലയളവിൽ ഭൂമി വാങ്ങുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വടക്കേക്കര വില്ലേജ് സർവ്വേ നമ്പർ

268/1-5-8-2ൽ ഉൾപ്പെട്ടിട്ടുള്ള 5.64 ആർ ഭൂമി വാങ്ങുകയും ചെയ്തു. എന്നാൽ ബി.ടി.ആർ പ്രകാരം ഭൂമിയുടെ തരം നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 1012.13 എം2 വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് 80 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമപഞ്ചായത്ത് അഭിയാൻ പദ്ധതിയുടെ 2020-21 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട ഘടകപദ്ധതിയായ പഞ്ചായത്ത് ഭവൻ നിർമ്മാണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. ബാക്കി തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തി ചെലവഴിക്കുന്നതിനും തീരുമാനം എടുക്കുകയും ചെയ്തു. 06.07.2020 ലെ 2-ാം നമ്പർ തീരുമാനം പ്രകാരം 09.07.2020 തീയതിയിൽ കെട്ടിടത്തിന്റെ കല്ലിടൽ ചടങ്ങ് നടത്തുകയും ചെയ്തിരുന്നു. ആർ.ജി.പി.എസ്.എ. ഫണ്ടിൽ നിന്നും 14,53,439/-രൂപ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം ചെലവഴിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പൈലിംഗ് അനുബന്ധ ജോലികൾ ചെയ്തിട്ടുള്ളതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത തരത്തിലുള്ള നിലം എന്ന തരത്തിലാണ് ഭൂമിയുടെ നിലവിലെ അവസ്ഥ. ഇതുമായി ബന്ധപ്പെട്ട് 24.06.2022 ലെ സി-4 101/2021 പ്രകാരം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിരുന്നതായി ഫയലിൽ കാണുന്നുണ്ട്. ടി സ്ഥലത്ത് കെട്ടിടം പണിയുന്നതിന് സർക്കാർ സാധൂകരണം ലഭിക്കുന്നതിന് വേണ്ടിയാണ് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയത്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവ് വന്ന തുക 14,53,439/-രൂപ നഷ്ടപ്പെട്ട നിലയിലാണ്. കെട്ടിടനിർമ്മാണം നടത്തുന്നതിന് നിലവിലെ ചട്ടങ്ങൾ പാലിക്കേണ്ടതാണ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-33 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ പൊതു - അപാകതകൾ

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ താഴെ കാണിച്ചിരിക്കുന്നവയ്ക്ക് അവയുടെ നേരെ കാണിച്ചിരിക്കുന്ന കാരണങ്ങൾക്ക് വിശദീകരണം നല്കുന്നതിനു നല്കിയ എൻക്വയറിക്കു (നം.8/14.07.2023) മറുപടി ലഭിച്ചില്ല. ചെലവുതുക തടസ്സത്തിൽ വെയ്ക്കുന്നു.

| ക്രമനം | പ്രോജക്ട് | ബിൽ നമ്പർ/തുക | റിമാർക്സ് |
|---|---|---|---|
| 1. | ഐ.കെ.എം ന് വരിസംഖ്യ നല്കിയത് | 74813/-<br>ബിൽ നം. 8/23 / 12.4.2022 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2. | കമ്പ്യൂട്ടർ വാങ്ങൽ | 15157/-<br>ബിൽ നം.25/23 / 25.3.2023 | ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല |
| 3. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 430197/-<br>ചെക്ക്നം.4924128/31.05.2022 | ഉടമ്പടി വച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | ആകെ | 5,20,167 | |

### 1-34 ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിലെ പോരായ്മകൾ

പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും 2022-23 സാമ്പത്തിക വർഷം പൂർത്തിയാക്കിയ റോഡ്, റോഡിതര ആസ്തികൾ എല്ലാം ചേർത്തതായി കാണുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ചില പോരായ്മകൾ കാണുന്നു.

1)പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ചെലവഴിച്ച തുകയ്ക്ക് തത്തുല്യമായ ആസ്തികൾ സൃഷ്ടിക്കുന്നത്. എന്നാൽ ആസ്തി സൃഷ്ടിച്ച തീയതി രജിസ്റ്ററിൽ ലഭ്യമല്ല.

2) സൃഷ്ടിക്കപ്പെടുന്ന ആസ്തിയോടൊപ്പം കൂട്ടിച്ചേർക്കലുകൾ നടത്തുമ്പോൾ ആയത് പ്രത്യേകമായിട്ടാണ് നിലവിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ആയതിനാൽ അപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ആകെ മൂല്യം കണക്കാക്കുന്നതിന് സാധിക്കുന്നില്ല.

3) വർഷം തിരിച്ചുള്ള ആസ്തിയുടെ മൂല്യം നിലവിലെ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - അധിക തുക നൽകി

പ്രോജക്ട് നം.S177/23
അടങ്കൽ – 150000/- (വികസന ഫണ്ട് – ജനറൽ)
ബിൽ നമ്പർ/തീയതി : 461/24.03.2023
ചെലവ് തുക - 149988/-രൂപ

പഞ്ചായത്തിലെ 29 അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി 149988/- രൂപ ചെലവഴിച്ച് 'മോഡേൺ ഇൻഡസ്ട്രീസ് '-ൽ നിന്നും മൂന്ന് ഇനം കളിയുപകരണങ്ങൾ വാങ്ങി അങ്കണവാടികളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. വാങ്ങുന്നതിന് ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കിയതിൽ ആവശ്യമായ കളിപ്പാട്ടങ്ങളുടെ ലിസ്റ്റിൽ ബിൽഡിംഗ് ബ്ളോക്ക്സ്, മാജിക് കാർ,സൈക്കിൾ,സീ-സോ,സ്ളൈഡർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 6.03.23 ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വിൻഡോ സൈസ് പത്രപരസ്യം നൽകുന്നതിന് 20.02.23 ന് ദേശാഭിമാനി പത്രാധിപർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പത്ര പരസ്യമോ ആയതിന് വന്ന ചെലവ് വിവരമോ ഇല്ല. സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ ഫയലിൽ ലഭ്യമല്ല. 2സ്ഥാപനങ്ങളിൽ നിന്നുള്ള കളിയുപകരണങ്ങളുടെ നിരക്കുകൾ സംബന്ധിച്ച കംപാരേറ്റിവ് സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തി തുടർ നടപടികൾക്കായി ഒരു കത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 07.03.23ന് നൽകിയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ ആയേഷ ഇൻഡസ്ട്രീസ്, മോഡേൺ ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളുടെ ബിൽഡിംഗ് ബ്ളോക്ക്സ്, മാജിക് കാർ, സൈക്കിൾ എന്നീ ഇനങ്ങളുടെ നിരക്കുകൾ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറവ് നിരക്ക് രേഖപ്പെടുത്തിയ മോഡേൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ നിരക്കുകൾ താഴെ ചേർക്കുന്നു.

ബിൽഡിംഗ് ബ്ളോക്ക്സ്-2000
മാജിക് കാർ-1800

സൈക്കിൾ - 1680

8.3.23 ലെ പഞ്ചായത്ത് ഭരണ സമിതി അടിയന്തിര കമ്മറ്റി തീരുമാന പ്രകാരം മോഡേൺ ഇൻഡസ്ട്രീസ് ബിനാനിപുരം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും സ്ഥാപനത്തിന് 14.03.23 ന് വർക്ക് ഓർഡർ നൽകുകയും C45/23.3.23 ടാക്സ് ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് .
എന്നാൽ സ്ഥാപനത്തിന്റെ കംപാരേറ്റിവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട തിനേക്കാൾ കൂടിയ നിരക്കിൽ ആണ് സൈക്കിളിന്റെ വില ബില്ലിൽ കാണിച്ചിട്ടുള്ളത്. ബിൽ പ്രകാരം ഒരു സൈക്കിളിന് 1640/- രൂപയ്ക്ക് 5% ജി.എസ്.ടി സഹിതം 1722/- രൂപ വരുന്നുണ്ട്. സ്റ്റേറ്റ്മെന്റ് പ്രകാരം 1680x29= 48720/- രൂപ വരേണ്ടിയിടത്ത് 1722x29=49938 രൂപയാണ് ബിൽപ്രകാരം വന്നിട്ടുള്ളത്. ബിൽ പ്രകാരം 1218/- രൂപ അധികം നൽകിയിട്ടുണ്ട്. സ്ഥാപനം തുക കൈപ്പറ്റിയ രസീത് ലഭ്യമല്ല. സ്ഥാപനം ജി.എസ്.ടി. അടവാക്കിയോ എന്നുറപ്പ് വരുത്തിയിട്ടില്ല. പ്രൊക്യൂവർമെന്റ് കമ്മിറ്റി കൂടിയതായോ വിതരണം ചെയ്ത ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതായോ ഉള്ള വിവരമില്ല. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് നടത്തിയ വിവരമില്ല. ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയ മറ്റ് ഉപകരണങ്ങൾ വാങ്ങാത്തതിനു കാരണം വ്യക്തമല്ല . പത്ര പരസ്യം,സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ, തുക കൈപ്പറ്റിയതായുള്ള സ്ഥാപനത്തിന്റെ രസീത്, ജി.എസ്.ടി അടവാക്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ചും, അധികമായി തുക കൈമാറിയതു സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയില്ല (നം.14/17.7.23). അധികം നൽകിയ തുക 1218/- രൂപ ചെലവിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം

| തുക നൽകിയ സ്ഥാപനം | തുക | ഇനം | ചെലവഴിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| ജില്ലാപഞ്ചായത്ത് | 1,40,000 | 64/23 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 1,40,000 |
| | 2,74,178 | 170/23 ചെറിയപല്ലംതുരുത്ത്-കാക്കനാട് പാത്ത് വേ മെയിന്റനൻസ് | 2,74,178 |
| | 3,18,490 | 171/23 ചെറിയപല്ലംതുരുത്ത്-എസ്.എൻ.ഡി.പി.റോഡ് മെയിന്റനൻസ് | 3,18,490 |
| | 10,11,092 | 26/23 ചിറ്റാറ്റുകര തൃക്കടാപ്പിള്ളി റോഡ് സൗത്ത് കളരിക്കൽ ബാലഭദ്രേശ്വരി റോഡ് ,ചിറ്റാറ്റുകര | 10,11,092 |
| | 8,11,612 | 125/23 വരിയേക്കാട് റോഡ് മെയിന്റനൻസ് | 8,11,612 |
| | 9,30,587 | 122/23 വടക്കേപ്പറമ്പ് ക്ഷേത്രം റോഡ് മെയിന്റനൻസ് | 9,30,587 |
| | 8,88,905 | 121/23 അലുമാവ് ചന്ദ്രക്കടവ് റോഡ് മെയിന്റനൻസ് | 8,88,905 |
| | 5,70,830 | 27/23 പൂയപ്പിള്ളി കോളണി റോഡ് മെയിന്റനൻസ് | 570830 |
| | 1,07,250 | 80/23 പൊക്കാളി സുസ്ഥിര നെൽകൃഷി വികസനം | 1,07,250 |
| | 50,52,944 | | 50,52,944 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 37/23 പാലിയേറ്റിവ് കെയർ | 1,00,000 |
| | 15,00,000 | 117/23 ലൈഫ് ഭവനം | 15,00,000 |
| | 29,920 | 104/23 ലൈഫ് ഭവനം | 29,920 |
| | 2,22,100 | 64/23 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 2,22,100 |
| | 10,00,000 | 157/23 ഭവനരഹിതർക്ക് ഭവന നിർമ്മാണം-സ്ഥലം വാങ്ങൽ | 10,00,000 |
| | 2,25,000 | 176/23 ഭവനരഹിതർക്ക് ഭവന നിർമ്മാണം-സ്ഥലം വാങ്ങൽ-ടി.എസ്.പി | 2,25,000 |
| | 4,00,000 | 68/23 പാൽ സബ്സിഡി | 4,00,000 |
| | 20,000 | 146/23 വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ | 20,000 |
| | 1,11,657 | 80/23 പൊക്കാളി സുസ്ഥിര നെൽകൃഷി വികസനം | 1,11,657 |
| | 36,08,677 | | 36,08,677 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 02/23 സ്ട്രീറ്റ് ലൈൻ വലിക്കൽ | 467/25.03.2023 | 4,30,197 | 0 | 4,30,197 |
| | | ആകെ | 4,30,197 | | 4,30,197 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | സ.ഉ.(സാ).68/18 ധന.18.05.18 | 4,11,30,000 | 3,31,34,471 | 4730698 | 0 | 2,84,03,773 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

| വർഷം | ഭാഗം/ഖണ്ഡിക | അടവാക്കിയ വ്യക്തിയുടെ വിവരം | ഈടാക്കിയ തുക/രസീത് നമ്പർ/തീയതി | റിമാർക്സ് |
|---|---|---|---|---|
| 2021-22 | 1-13 | അനീഷ്.സി.എസ് | 2800/-1221003160/12.01.2023 | |
| 2021-22 | 1-13 | പാർത്ഥൻ കെ.എസ് | 2500/-1231001047/14.06.2023 | |
| 2021-22 | 1-13 | മഹേഷ്.കെ.എം | 2800/-1221003171/13.01.2023 | |

4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39.(1) | മരാമത്ത് പ്രവർത്തികൾക്കും മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചില്ല. - മഹാത്മാഗാന്ധി എട്ടിയാട്ട് റോഡ് ഗ്രാവലിംഗ്. | കൺവീനർ അധികമായി കൈപ്പറ്റിയ തുക പലിശ സഹിതം അടവാക്കിയിട്ടുള്ളതും ഇത് സംബന്ധിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി തസ്വഭവ (എസി) വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,88,00,878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,17,24,072 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1218 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2263122 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം :
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1218 | ശ്രീമതി. റസിയ കെ. എ,ഐസിഡിഎസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 593883 | ശ്രീമതി. സുഗന്ധ പി ഡി., ഹെഡ്മിസ്ട്രസ്സ് എൽപി സ്കൂൾ ചിറ്റാറ്റുകര |
| 1-19 | 188574 | ഡോ.സിയമോൾ വി സി , മെഡിക്കൽ ഓഫീസർ പിഎച്ച് സി |
| 1- 21(1) | 2,00,000 | ഡോ. അഫ്സൽ എ എസ്., മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1- 21(2) | 3,00,000 | ഡോ. അഫ്സൽ എ എസ്., മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-22(1) | 148770 | ശ്രീമതി റസിയ കെ എ ഐസിഡിഎസ് സൂപ്പർവൈസർ |
| 1- 22(2) | 234900 | ശ്രീമതി റസിയ കെ എ ഐസിഡിഎസ് സൂപ്പർവൈസർ |
| 1-23-I | 76828 | ഡോ.ബീന എസ് ., വെറ്ററിനറി സർജൻ |
| 1-33-1 | 74813 | ശ്രീമതി.എ.ജയലക്ഷ്മി,സെക്രട്ടറി |
| 1-33-2 | 15157 | ശ്രീ.രാജേഷ് വി.എസ്,സെക്രട്ടറി |

| | | |
|---|---|---|
| 1-33-3 | 430197 | ശ്രീമതി.എ.ജയലക്ഷ്മി,സെക്രട്ടറി |
| ആകെ | 2263122 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 593883 | ശ്രീമതി സുഗന്ധ പി.ഡി., ഹെഡ്മിസ്ട്രസ്സ് എൽ.പി. സ്കൂൾ ചിറ്റാറ്റുകര |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുഗന്ധ പി ഡി ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് എൽപി സ്കൂൾ ചിറ്റാറ്റുകര(Rtd) | പുതിയത്ത് ഹൗസ്, പിണ്ടിമന പി ഒ, കോതമംഗലം |
| ശ്രീമതി.റസിയ കെ എ ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ ചിറ്റാറ്റുകര | കുഴിക്കണ്ടത്തിൽ ഹൗസ് , മുളവുകാട് പി ഒ, എറണാകുളം |
| ഡോ.അഫ്സൽ എ എസ് മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ ചിറ്റാറ്റുകര ഗവ.ഹോമിയോ ഡിസ്പെൻസറി | അയ്യാറിൽ നടുവിള വീട്, അഴീക്കോട് പി.ഒ., തൃശ്ശൂർ |
| ഡോ.സിയമോൾ വി സി മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചിറ്റാറ്റുകര | വടക്കകത്ത് ഹൗസ്, വടുതല പി.ഒ., കൊച്ചിൻ |
| ഡോ. ബീന.എസ്., വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഗവ.വെറ്ററിനറി ഡിസ്പെൻസറി ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | മനക്കപ്പറമ്പിൽ, പെരുമ്പടന്ന, പറവൂർ |
| ശ്രീമതി.ജയലക്ഷ്മി.എ., സെക്രട്ടറി | റിട്ടയേർഡ്(വി ആർഎസ് എടുത്തു) | പറപ്പിള്ളിൽ വീട്, ഏഴിക്കര |
| ശ്രീ.രാജേഷ് സി.എസ്, സെക്രട്ടറി | സെക്രട്ടറി, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | വലിയപറമ്പ് വീട്, കരിമ്പാടം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|---|
| 1998-99 | 22,25,28, 30,31,32,33, 34 | 8 | LFE(P2)586/2001 |
| 1999-2000 | 839,40,41,45,46, 47,48,49,50,51,52 53,54 | 11 | |
| 2000-01 | 12,13a,13b,13c,17-20, 21,22,23,24a&b,25, 26a-g,27,28,29,30,31 32,33,34,35,36,37,38,39 40 | 29 | LFE(P2)1454/2002 |
| 2001-02 | 2-7,2-8,3-3 | 3 | LFE(P2)822/07 |
| 2002-03 | 2-1,2-2,2-3,2-4,2-5,2-6, 2-7 | 7 | |
| 2003-04 | 2-1,2-2,2-4,3-1,3-2,3-3,3-4, 3-5,3-6,3-7,3-8 | 11 | LFE(P2)581/2010 |

| | | | |
|---|---|---|---|
| 2007-08 | 2-1 | 01 | LFE(P2)1595/2008 |
| 2008-09,<br>2009-10<br>2010-11 | 3-13,3-17,3-20 | 03 | LFE(P2)1295/2012 |
| 2011-12<br>2012-13 | 3-2,3-3,3-6,3-8,3-14 | 05 | LFE(P2)2038/2013 |
| 2014-15 | 3-2,3-4 | 02 | KSAEKM(P12)1247/2016 |
| 2015-16 | 2-1A,2-1B,2-3,3-1,3-5,3-6 | 06 | KSAEKM(P12)2123/2016 |
| 2016-17 | 2-1,3-3,3-4,3-5,3-6,3-8 | 06 | KSAEKM(P12)1725/2017 |
| 2017-18 | 1-12,2-2,<br>2-3,3-1,3-4,3-5,3-9,3-10,3-11.3<br>3-11.4,3-11.5,3-11.8<br>5,3-6,3-8 | 12 | KSAEKM(P12)1624/2018 |
| 2018-19 | 1-13,1-14,1-15,1-16,1-17,1-19,1-20<br>,1-21,1-22,1-23,1-24,1-25,1-26<br>3-1 | 14 | KSAEKM(P12)139/2020 |
| 2019-20 | 1-2-1,1-12,1-13,1-14,1-15,1-16,1-18,1-20<br>1-21,1-22,1-24,1-25,1-26,1-27,1-28,<br>3-1,4-10 | 17 | KSAEKM(P12)1159/2021/<br>29-8-22 |
| 2020-21 | 1-2-1,1-12,1-13,1-14,1-15,1-16,1-17,<br>1-18,1-19,1-20,1-21,1-22,1-23,1-24,4-10<br>1-21,1-22,1-24, | 15 | KSAEKM(P12)1160/2021/<br>29-8-22 |
| 2021-22 | 1-2-1,1-12,1-13,1-14,1-15,1-16,1-17,<br>1-18,1-19,1-20,1-21,1-22,1-23,1-24,4-10<br>1-21,1-22,1-24, | 15 | KSAEKM(P12)61/2023/<br>13-04-2023 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chittattukara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chittattukara Grama Panchayat for the year 2022-2023

Date: 13/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Chittattukara Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1.The ratios and notes, which are required to be included in the annual report as per accounting rules, are not included in the annual financial Statement.

2.The total cash flow for the current year in the cash flow statement does not match with the amount of the difference between opening balance and closing balance.

3.The amount due for e-tender fee has not been recorded in schedule B.15 of current year Balance sheet. The amount of e-tender fee has not been credited to the panchayat account from the account of LSGD Section Assistant Engineer.

4.Assets accounted for in Schedule B11 of the Balance Sheet and those accounted for under Accumulated Depreciation Heads are mismatched. Due to this, the accuracy of the Depreciation cannot be ensured. Depreciation of many assets is added under the head Other Fixed Assets. This is not a proper way of accounting.

5.Loan register (KURDFC) should be kept accurately.

6.Timely demand is not recorded through journal entries as per the expected inflow at the beginning of the year and as per the difference in demand from time to time. At the end of the year, the DCB statements are prepared on the basis of actual inflow of fund.

7.The figures of Property Tax in DCB of AFS is not tallying with the DCB in Sanchaya Statements .

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്